©
കേരള സര്‍ക്കാര്‍
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2015 ഏപ്രില്‍ 30<br>30th April 2015<br>1190 മേടം 16<br>16th Medam 1190<br>1937 വൈശാഖം 10<br>10th Vaisakha 1937 | നമ്പര്‍<br>No. 1056 |

## കേരള സര്‍ക്കാര്‍

<u>തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ്</u>

### വിജ്ഞാപനം

സ.ഉ. (പി) നമ്പര്‍ 147/2015/തസ്വഭവ.

*തിരുവനന്തപുരം, 2015 ഏപ്രില്‍ 30*
*1190 മേടം 16.*

**എസ്. ആര്‍. ഒ. നമ്പര്‍ 265/2015.**—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (സി) ഖണ്ഡവും (2)-ാം ഉപവകുപ്പ് (ഇ) ഖണ്ഡവും പ്രകാരം നല്‍കപ്പെട്ട അധികാരങ്ങള്‍ വിനിയോഗിച്ചുകൊണ്ട്, 1994 ഏപ്രില്‍ 22-ാം തീയതിയിലെ സ.ഉ. (എംഎസ്.) 91/94/എല്‍.എ.ഡി. നമ്പര്‍ ആയി പുറപ്പെടുവിച്ചതും 1994 ഏപ്രില്‍ 22-ാം തീയതിയിലെ 361-ാം നമ്പര്‍ കേരള അസാധാരണ ഗസറ്റില്‍ എസ്.ആര്‍.ഒ. നമ്പര്‍ 478/94 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപനം V ഭാഗികമായി ഭേദഗതി ചെയ്തും താഴെ പട്ടികയിലെ (1)-ാം കോളത്തില്‍ പറയുന്ന ജില്ലയിലെ (2)-ാം കോളത്തില്‍ പറയുന്ന നഗരസ്വഭാവമാര്‍ജ്ജിച്ച ഗ്രാമപഞ്ചായത്തിലെ 1-ാം വാര്‍ഡ് അഴിത്തല ഭാഗത്തുള്ള 132 വീടുകള്‍ ഉള്‍പ്പെടുന്ന

പ്രദേശത്തെ (4)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന ആസ്ഥാനമുള്ള (3)-ാം കോളത്തിൽ പറയുന്ന മുനിസിപ്പൽ കൗൺസിലിനോട് സംയോജിപ്പിച്ചുകൊണ്ട് 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം ഭേദഗതി വരുത്തുവാൻ കേരള സർക്കാർ ഉദ്ദേശിക്കുന്ന വിവരം 2015 ജനുവരി മാസം 25-ാം തീയതിയിലെ ഇ. എം. 3/13(6)/2015/ത.സ്വ.ഭ.വ. നമ്പരായി 2015 ജനുവരി മാസം 25-ാം തീയതിയിലെ 184-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും പ്രസ്തുത വിജ്ഞാപന പ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടും;

ഇപ്പോൾ, അതിനാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ (1994-ലെ 20) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും (2)-ാം ഉപവകുപ്പ് (ഇ) ഖണ്ഡവും പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും താഴെ പട്ടികയിലെ (1)-ാം കോളത്തിൽ പറയുന്ന ജില്ലയിലെ (2)-ാം കോളത്തിൽ പറയുന്ന ഗ്രാമപഞ്ചായത്ത് പ്രദേശത്തെ (4)-ാം കോളത്തിൽ പറയുന്ന ആസ്ഥാനമുള്ള (3)-ാം കോളത്തിൽ പറയുന്ന മുനിസിപ്പൽ കൗൺസിലിനോട് സംയോജിപ്പിച്ചുകൊണ്ടും അതിൻപ്രകാരം (5)-ാം കോളത്തിൽ പറയുന്ന അതിരുകൾ നിശ്ചയിച്ചുകൊണ്ടും ഇപ്രകാരം വേർപെടുത്തപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഒഴിവാക്കി (6)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം അതിരുകളോടെ മാത്രം പഞ്ചായത്തായ പടന്ന ഗ്രാമപഞ്ചായത്തിനെ നിലനിർത്തിക്കൊണ്ടും 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം, കേരള സർക്കാർ ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു, അതായത്:—

## പട്ടിക

| *ജില്ല* | *കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന ഗ്രാമ പഞ്ചായത്ത് പ്രദേശം* | *കൂട്ടിച്ചേർക്കപ്പെടുന്ന മുനിസിപ്പൽ കൗൺസിലിന്റെ പേര്* | *മുനിസിപ്പൽ കൗൺസിലിന്റെ ആസ്ഥാനം* | *അതിർത്തികൾ* | *കൂട്ടിച്ചേർത്തതിനു ശേഷമുള്ള പഞ്ചായത്തിന്റെ അതിരുകൾ* |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| കാസർഗോഡ് | പടന്ന ഗ്രാമ പഞ്ചായത്തിലെ 1-ാം വാർഡ് അഴിത്തല ഭാഗത്തുള്ള 132 വീടുകൾ ഉൾപ്പെടുന്ന പ്രദേശം | നീലേശ്വരം | നീലേശ്വരം | *വടക്ക്*—കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി, മടിക്കൈ ഗ്രാമപഞ്ചായത്ത്<br>*കിഴക്ക്*—കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത്, കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത്<br>*തെക്ക്*—ചെറുവത്തൂർ, പടന്ന ഗ്രാമ പഞ്ചായത്ത്, തേജസ്വിനി പുഴ<br>*പടിഞ്ഞാറ്*—അറബിക്കടൽ. | *വടക്ക്*—ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്<br>*കിഴക്ക്*—തൃക്കരിപ്പൂർ, പിലിക്കോട് ഗ്രാമപഞ്ചായത്തുകൾ<br>*തെക്ക്*—തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്<br>*പടിഞ്ഞാറ്*—വലിയ പറമ്പ ഗ്രാമ പഞ്ചായത്തും അറബിക്കടലും. |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ജെയിംസ് വർഗ്ഗീസ്,**

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (സി) ഖണ്ഡവും (2)-ാം ഉപവകുപ്പ് (ഇ) ഖണ്ഡവും പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച് നഗരസ്വഭാവമാർജ്ജിച്ച ചില ഗ്രാമപഞ്ചായത്തുകളെ പരിവർത്തനപ്പെടുത്തി മുനിസിപ്പൽ കൗൺസിലുകളായി രൂപീകരിക്കുവാനുള്ള ഉദ്ദേശ്യം 2015 ജനുവരി 25-ാം തീയതി ഇ.എം3/13(6)/2015/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപനം 2015 ജനുവരി മാസം 25-ാം തീയതിയിലെ 184-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അതുപ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും പൊതുജനങ്ങളിൽ നിന്നും ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ഈ വിജ്ഞാപനത്തിന്റെ പട്ടികയിൽ പറഞ്ഞിട്ടുള്ള കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡ് അഴിത്തല ഭാഗത്തുള്ള 132 വീടുകൾ ഉൾപ്പെടുന്ന പ്രദേശത്തെ നീലേശ്വരം മുനിസിപ്പൽ കൗൺസിലിനോട് 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം കൂട്ടിച്ചേർത്തുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാർ തീരുമാനിച്ചു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.